**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** **13-02-2024 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ എം മുകേഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കയർ മേഖലയുടെ സമഗ്ര വികസനത്തിനായി പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ നടത്തിവന്നിരുന്ന രണ്ടാം പുന:സംഘടനയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കയർ ഉൽപന്ന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കയർ മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും അവരുടെ ജീവിത നിലവാരത്തിനുതകുന്ന തരത്തിലുള്ള സേവന വേതന നടപടികൾ പൂർത്തീകരിച്ചുവരുന്നു.<br><br>കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ പൊതുമേഖലാസ്ഥാപനങ്ങൾ ചേർന്ന് 14 ജില്ലകളിലേയും തദ്ദേശ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്രം വിപണനം ചെയ്തു വരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥന്മാരിലേക്ക് എത്തിക്കുന്നതിനായി കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു.<br><br>ഇതിനോടൊപ്പം കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, സോയിൽ കൺസർവേഷൻ വകുപ്പ്, കെ. എസ്. ഇ. ബി., മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.<br><br>കേരളത്തിനുപുറത്ത് മറ്റ് സംസ്ഥാനങ്ങളിലേക്ക് കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ തലത്തിൽ |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചുവരുന്നു. വടക്ക്, വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലെ ഭൂപ്രകൃതിക്കനുസൃതമായി കയർ ജിയോടെക്സ്റ്റൈൽസിന്റെ വിവിധ ഉപയോഗ സാധ്യതകൾ പരിശോധിച്ച് അതിനുള്ള വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ കയർ ഡയറക്ടറേറ്റിന്റെയും കയർ കോർപ്പറേഷന്റെയും നേതൃത്വത്തിൽ നടന്നുവരുന്നു.<br><br>ഇതിന്റെ ഭാഗമായി നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിലെ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വിപുലമായ സെമിനാർ 2023 ഏപ്രിൽ 24, 25, 26 തീയതികളിലായി ആലപ്പുഴയിൽ വെച്ച് നടത്തുകയും അതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു.<br><br>ഒഡീഷയിലെ ഒരു അയൺ ഓർ മൈനിംഗ് സ്ഥാപനം ഖനിപ്രദേശത്തെ മണ്ണ് സംരക്ഷണ പ്രവർത്തികൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിന് ധാരണയാകുകയും ആയതിന്റെ 30 ലക്ഷം രൂപയുടെ ഓർഡർ കയർ കോർപ്പറേഷന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു ശേഷം ഈ സ്ഥാപനത്തിന്റെ 100 ഏക്കർ സ്ഥലത്തുള്ള മൈനുകളിൽ കയർ ഭൂവസ്ത്രം നൽകുന്നതിനുള്ള ഓർഡർ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.<br><br>ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും കേരളത്തിന് പുറത്തെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലും ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുകയും ഇവർ വഴിയും കയർ കോർപ്പറേഷന്റെയും കയർഫെഡിന്റെയും നിലവിലുള്ള ഷോറൂമുകൾ വഴിയും ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്. സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങളുടെ വിൽപനശാലകൾ വഴിയും വിശാൽമെഗാമാർട്ട്, ഡി-മാർട്ട്, റിലയൻസ് റീടെയ്ൽ എന്നീ ചെയിൻ സ്റ്റോറുകൾ വഴിയും വിപണനം നടത്തുന്നുണ്ട്. ഇവകൂടാതെ ആമസോൺ, പെപ്പർഫ്രൈ, ഇൻഡ്യ മാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും വിൽപന നടത്തി വരുന്നു. |
| (ബി) | വികസന കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുമ്പോഴും പ്രസ്തുത മേഖലയിലെ പ്രതിസന്ധികൾ വിട്ടൊഴിയുന്നില്ല എന്നത് വസ്തുതയാണോ; എങ്കിൽ അതിന്റെ കാരണങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ ഉള്ളതായി പറയപ്പെടുന്ന പ്രതിസന്ധികളെ കുറിച്ച് പഠിച്ച് | (ബി) | കേരളത്തിലെ കയർ മേഖലയിൽ സമീപകാലങ്ങളിലായി തുടരുന്ന പ്രതിസന്ധി ഇപ്പോഴും നിലനിൽക്കുകയാണ്. പ്രാധാനമായും പരമ്പരാഗത ഉൽപന്നങ്ങളായ ചകിരിത്തടുക്ക്, ബിസി 1, ബിസി 20 എന്നീ ഉൽപന്നങ്ങൾക്കുണ്ടായ ഓർഡർ ക്ഷാമമാണ് ഈ മേഖലയിലെ തൊഴിലില്ലായ്മക്കൊരു |

| | | | |
|---|---|---|---|
| | പരിഹാരം നിർദ്ദേശിക്കുവാൻ സമിതിയെ നിയോഗിച്ചിരുന്നോ; വിശദമാക്കുമോ; | | പ്രധാന കാരണം. പിവിസി ഉൽപന്നങ്ങൾ, മറ്റ് പ്ലാസ്റ്റിക് സിന്തറ്റിക്, പോളി പ്രൊപ്പലിൻ തുടങ്ങിയ ഉൽപന്നങ്ങളുടെ കടന്നുവരവും താരതമ്യേനയുള്ള വിലക്കുറവും ഇവക്ക് വിപണിയിലുള്ള സ്വീകാര്യതയും ഈ മേഖലയിലേക്കുള്ള തമിഴ് നാട്ടിൽ നിന്നുള്ള ഉല്പന്നങ്ങളുടെ മത്സരവും പരമ്പരാഗത ഉൽപന്നങ്ങളുടെ ഓർഡർ ക്ഷാമത്തിന് കാരണമാണ്. കൂടാതെ വിദേശ രാജ്യങ്ങളിലുണ്ടായ ആഗോള സാമ്പത്തിക മാന്ദ്യവും കടത്തുകൂലി വർദ്ധനവും കണ്ടെയ്നർ ക്ഷാമവും വിദേശ വിപണിയെയും സാരമായി ബാധിച്ചിട്ടുണ്ട്. കയർ മേഖലയിലെ പ്രതിസന്ധികളെ കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ധസമിതി രൂപീകരിക്കുകയും ഈ വിദഗ്ധസമിതിയുടെ നിർദ്ദേശപ്രകാരം കയർ കോർപ്പറേഷനുമായി ചേർന്ന് കയർ പ്രോജക്ട് ഓഫീസിലെയും കയർ കോർപ്പറേഷനിലെയും ഉദ്യോഗസ്ഥർ കയർ മേഖലയിലെ തൊഴിലാളികളുടെയും തറികളുടെയും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്ന നടപടികൾ നടന്നു വരുന്നു. |
| (സി) | കയർ മേഖലയിൽ ഏറ്റവും ആകർഷകമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പുതിയ ഡിസൈനുകൾ ഒരുക്കുന്നതിനുമായി ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രം ഒപ്പ് വച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ? | (സി) | കയർ മേഖലയിൽ ഏറ്റവും ആകർഷകമായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും പുതിയ ഡിസൈനുകൾ ഒരുക്കുന്നതിനുമായി കയർ കോർപ്പറേഷൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ഭോപ്പാലുമായി MOU വെയ്ക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 4 മാസക്കാലാവധിയിൽ 2 ഇന്റേൺസിനെ കമ്പനിയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് കൂടുതൽ ആകർഷമായതും വിദേശ വിപണിക്കനുസൃതമായ ഡിസൈനുകളിലുമുള്ള കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹായകരമാകും. |

സെക്ഷൻ ഓഫീസർ